

യന്ത്രസഹായത്തോടെ യുവതി തെങ്ങിൽ കയറിയപ്പോൾ

# തെങ്ങിൻമുകളിലും ഇനി വളകിലുക്കം

സ്വന്തം ലേഖകൻ

കൊട്ടാരക്കര: വീട്ടുമുറ്റത്തെ തെങ്ങിൽ കയറാൻ ഇനി മറ്റാരെയും ആശ്രയിക്കേണ്ടിവരില്ല. അയൽ വീടുകളിൽ തേങ്ങയിട്ടുനൽകി ചെറിയൊരു വരുമാനവും ഉണ്ടാക്കാം. പറയുന്നത് പുരുഷൻമാരല്ല, സ്ത്രീകൾ തന്നെയാണ്. കഠിനമെന്നു കരുതിയ തെങ്ങുകയറ്റ ജോലി വനിതകൾക്കും വഴങ്ങുമെന്ന് ചുരുങ്ങിയ ദിനംകൊണ്ട് തെളിയിച്ചിരിക്കുകയാണ് അവർ.

തെങ്ങുകയറ്റത്തിലെ പുരുഷാധിപത്യത്തിന് വെല്ലുവിളി ഉയർത്തിയാണ് സ്ത്രീകളും തെങ്ങുകയറാൻ പഠിക്കുന്നത്. കേരള കാർഷിക സർവകലാശാലയുടെ സദാനന്ദപുരം കൃഷിവിജ്ഞാനകേന്ദ്രത്തിലാണ് സ്ത്രീകൾക്കുള്ള തെങ്ങുകയറ്റ പരിശീലനം.

18നും 40നും മധ്യേ പ്രായമുള്ള 22 പേരാണ് തെങ്ങുകയറാൻ തയ്യാറായി രംഗത്തുവന്നിരിക്കുന്നത്. യന്ത്രത്തിന്റെ സഹായത്തോടെയാണെങ്കിലും ഞൊടിയിടയിൽ ഇവർ തെങ്ങിൻമുകളിൽ എത്തുന്നു. തേങ്ങയിടുന്നതും ഓല വെട്ടുന്നതും നിമിഷങ്ങൾക്കുള്ളിൽ. പരിശീലനത്തിന്റെ ആദ്യദിനങ്ങളിൽ അല്പം പേടി തോന്നിയെങ്കിലും ഇപ്പോൾ എല്ലാം സുഗമമായി നടക്കുന്നുവെന്ന് യുവതികൾ പറയുന്നു.

ബിരുദധാരികൾ വരെയാണ് പരിശീലനം തേടി വന്നിട്ടുള്ളത്. നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ നടക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനപദ്ധതിപ്രകാരമാണ് വനിതകളെ തെങ്ങിൽ കയറാൻ പഠിപ്പിക്കുന്നത്. ജില്ലയിൽ ആദ്യമായാണ് വനിതകൾക്ക് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുന്നതെന്ന് കൃഷിവിജ്ഞാനകേന്ദ്രം മേധാവി ഡോ. എസ്. സുബൈദാബീവി അറിയിച്ചു. കൊട്ടാരക്കര, ശാസ്താംകോട്ട ബ്ലോക്കിൽ നിന്നുള്ളവരാണ് പരിശീലനത്തിനെത്തിയ വനിതകളിൽ ഏറിയ പങ്കും. ആറുദിവസത്തെ പരിശീലനമാണ് നൽകുന്നത്. തെങ്ങിനെപ്പറ്റി അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും ഇവരെ പഠിപ്പിക്കുന്നുണ്ട്. വളപ്രയോഗം, ജലസേചനം, വിളവെടുപ്പ്, തേങ്ങ സംസ്കരണം തുടങ്ങിയവയും ഇതിൽ ഉൾപ്പെടും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റയന്ത്രം സൗജന്യമായി നൽകും. കൂടാതെ ഒരുലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും.